പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3304 22/08/2017 ൽ മറുപടിയ്ക്ക്

# സർവ്വേ- ഭൂരേഖാ വകുപ്പിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള സർവ്വേ ഭൂരേഖാ വകുപ്പിൽ സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലുള്ള ജീവനക്കാരെ സംയോജിപ്പിച്ച് ഒരേ വിഭാഗം ജീവനക്കാരാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) തന്മൂലം ഫീൽഡ് സർവ്വേ ജോലിയും സാങ്കേതിക പരിശോധനയും ഒരേ വിഭാഗം ജീവനക്കാർ തന്നെ ചെയ്യുന്ന സാഹചര്യം സംജാതമാകുകയും സർവ്വേ റിക്കാർഡുകളിലെ കൃത്യത നഷ്ടപ്പെടുന്നതിന് സാദ്ധ്യതയുള്ളതിനാൽ പ്രസ്തുത തീരുമാനം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുമോ; വിശദീകരിക്കുമോ ; | (ബി) വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കില്ല. സാങ്കേതിക പരിശോധന കൃത്യമായി നടത്തി റിക്കാർഡുകളിലെ കൃത്യത ഉറപ്പാക്കാവുന്നതാണ്. |
| (സി) സർവ്വേയർ ഡ്രാഫ്റ്റ്മാൻ തസ്തികയുടെ യോഗ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; പ്രസ്തുത തസ്തികയ്ക്ക് ഫീൽഡ് സർവ്വേ പ്രാവീണ്യ പരീക്ഷ നടത്താറുണ്ടോ; വിശദീകരിക്കുമോ? | (സി) സർവ്വേയർ ഡ്രാഫ്റ്റ്മാൻ തസ്തികയുടെ യോഗ്യതകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത തസ്തികകൾക്ക് ഫീൽഡ് സർവ്വേ പ്രാവീണ്യ പരീക്ഷ നടത്താറില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സർവ്വെയർ | ഡ്രാഫ്റ്റ്മാൻ |
| --- | --- |
| **അടിസ്ഥാന യോഗ്യത**<br><br>SSLC യോ പൊതു ചട്ടങ്ങളിൽ 2-ാം ഭാഗത്തിലെ പട്ടികയിലെ അതിനു തുല്യമായ യോഗ്യതയോ പാസായിരിക്കണം | **അടിസ്ഥാന യോഗ്യത**<br><br>SSLC യോ പൊതു ചട്ടങ്ങളിൽ 2-ാം ഭാഗത്തിലെ പട്ടികയിലെ അതിനു തുല്യമായ യോഗ്യതയോ പാസായിരിക്കണം |
| **സാങ്കേതിക യോഗ്യത (Must possess)**<br>I) ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് 1966 മുതൽ നിലവിലുള്ളത്.<br>അല്ലെങ്കിൽ<br>ii) 1966 ന് മുമ്പ് ലഭിച്ച ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റും ബോർഡ് ഓഫ് റവന്യൂ അംഗീകരിച്ച നിയമങ്ങൾക്ക് അനുസൃതമായി തൃപ്തികരമായി പൂർത്തിയാക്കിയ 6 മാസത്തെ ഇംപ്ലാന്റ് ട്രെയിനിംഗും.<br>അല്ലെങ്കിൽ<br>iii) സർവ്വേയിംഗ് & ലെവലിംഗ് (ഹയർ) പാസായിരിക്കണം. ചെയിൻ സർവ്വേയോടു കൂടിയ MGTE/KGTE<br>അല്ലെങ്കിൽ<br>iv) മിലിറ്ററി സർവ്വീസിൽ സർവ്വെയർ ട്രേഡിലുള്ള 6 വർഷത്തെ പ്രവൃത്തി പരിചയം.<br><br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഹയർ സർവ്വേ ടെസ്റ്റ് പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ ടെസ്റ്റ് പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്. | **സാങ്കേതിക യോഗ്യത (Must possess)**<br>I) ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് 1966 മുതൽ നിലവിലുള്ളത്.<br>അല്ലെങ്കിൽ<br>ii) 1966 ന് മുമ്പുള്ള ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് (തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് മുമ്പ് സർവ്വെ ഡയറക്ടറുടെ കീഴിൽ 2 ആഴ്ചത്തെ ലിത്തോഗ്രാഫിയിലും vandyke പ്രവർത്തനങ്ങളുടെ പരിശീലനം നൽകേണ്ടതാണ്.)<br>അല്ലെങ്കിൽ<br>iii) മിലിറ്ററി സർവ്വീസിൽ ഡ്രാഫ്റ്റ്സ്മാൻ ട്രേഡിലുള്ള 6 വർഷത്തെ പ്രവൃത്തി പരിചയം.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ ടെസ്റ്റും കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റും പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ